2026
SEPTEMBER
11
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

# ഇന്ത്യ–ശ്രീലങ്ക സമുദ്ര സഹകരണം കൂടുതൽ ശക്തിപ്പെടുത്തണം: രാജ്നാഥ് സിംഗ്

**കൊളംബോ :** ഇന്ത്യൻ മഹാസമുദ്ര മേഖലയുടെ സമഗ്ര സുരക്ഷയ്ക്കും സമൃദ്ധിക്കും സുരക്ഷിതമായ സമുദ്രപാതകൾ, സ്വതന്ത്ര നാവിക സഞ്ചാരം, അന്താരാഷ്ട്ര നിയമങ്ങളോടുള്ള ആദരവ്, തടസ്സമില്ലാത്ത സമുദ്ര വ്യാപാരം എന്നിവ അനിവാര്യമാണെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ഉയർന്നുവരുന്ന സമുദ്ര സുരക്ഷാ വെല്ലുവിളികൾ വികസന താൽപര്യങ്ങൾക്കും മേഖലയുടെ ശോഭനമായ ഭാവിക്കും ഗുരുതര ഭീഷണിയായി മാറുന്നതിന് മുമ്പ് അവയെ നേരിടാൻ ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തിപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. സെപ്റ്റംബർ 9ന് കൊളംബോയിലെ ശ്രീലങ്കൻ പ്രതിരോധ മന്ത്രാലയം സന്ദർശിച്ച് ശ്രീലങ്കൻ പ്രതിരോധ സഹമന്ത്രി അരുണ ജയശേഖര, കരസേനാ മേധാവി, നാവിക സേനാ മേധാവി, വ്യോമസേനാ മേധാവി എന്നിവരടങ്ങിയ സദസ്സിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാജ്നാഥ് സിംഗ്.

ദേശീയ സുരക്ഷയും സാമ്പത്തിക വളർച്ചയും പരസ്പരം വേർതിരിക്കാനാകാത്തതാണെന്നും അവ ഭൂമിശാസ്ത്രപരമായ യാഥാർഥ്യങ്ങളുമായും സുരക്ഷാ സാഹചര്യങ്ങളുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും പ്രതിരോധ മന്ത്രി വ്യക്തമാക്കി. മേഖലയിൽ നടക്കുന്ന സംഭവവികാസങ്ങളിൽ ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും നിസ്സംഗത പാലിക്കാനാകില്ലെന്നും അദ്ദേഹം പറഞ്ഞു. ശേഷി വികസനം മുതൽ സംയുക്ത സൈനികാഭ്യാസങ്ങൾ വരെയുള്ള വിവിധ മേഖലകളിൽ ഇരുരാജ്യങ്ങളും സഹകരണം ശക്തിപ്പെടുത്തിയിട്ടുണ്ടെങ്കിലും സമുദ്ര സുരക്ഷയ്ക്ക് പ്രത്യേക പ്രാധാന്യം നൽകി ദീർഘകാല പ്രതിരോധതന്ത്രപ്രധാന പങ്കാളിത്തം കൂടുതൽ ആഴപ്പെടുത്തേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആഗോള, പ്രാദേശിക സാഹചര്യങ്ങളിൽ ഉയർന്നുവരുന്ന പുതിയ ഭീഷണികളെ നേരിടാൻ സംയുക്ത പ്രോട്ടോക്കോളുകൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതിനൊപ്പം നൈപുണ്യ വികസനവും അനുഭവ കൈമാറ്റവും തുടർച്ചയായ പ്രക്രിയയാക്കണമെന്നും രാജ്നാഥ് സിംഗ് പറഞ്ഞു. കൂടുതൽ ശക്തവും സുദൃഢവുമായ സമുദ്ര പങ്കാളിത്തത്തിനായി പുതിയ മാതൃകകൾ വികസിപ്പിക്കേണ്ടത് പ്രധാനമാണെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ 'മഹാസാഗർ' (Mutual and Holistic Advancement for Security and Growth Across Regions) എന്ന കാഴ്ചപ്പാടിന്റെ അടിത്തറ ഇതാണെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യയെയും ശ്രീലങ്കയെയും ഒരേ സമുദ്രമാണ് പരസ്പരം ബന്ധിപ്പിക്കുന്നതെന്നും അതിനാൽ സമുദ്ര സുരക്ഷ കേവലം ഒരു സിദ്ധാന്തമല്ലെന്നും മറിച്ച് ഇരുരാജ്യങ്ങളുടെയും വ്യാപാരത്തെയും സുരക്ഷയെയും ഭാവിയെയും നേരിട്ട് സ്വാധീനിക്കുന്ന യാഥാർഥ്യമാണെന്നും രാജ്നാഥ് സിംഗ് പറഞ്ഞു. ഇന്ത്യയുടെ അയൽരാജ്യവും ദീർഘകാല സുഹൃത്തും വിശ്വസ്ത പങ്കാളിയുമായ ശ്രീലങ്ക മേഖലയുടെ സമുദ്ര സുരക്ഷ സംബന്ധിച്ച തന്ത്രപ്രധാന ചർച്ചകളിൽ കേന്ദ്രസ്ഥാനത്താണെന്നും ശക്തമായ ഇന്ത്യ–ശ്രീലങ്ക സമുദ്ര സഹകരണം ഇരുപക്ഷത്തിനും ഗുണകരമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സമുദ്ര തെരച്ചിൽരക്ഷാ ദൗത്യങ്ങളിലൂടെ നിരവധി വിലപ്പെട്ട ജീവനുകൾ രക്ഷിക്കാനായതടക്കം ഉഭയകക്ഷി സമുദ്ര സഹകരണത്തിൽ കൈവരിച്ച നേട്ടങ്ങളും അദ്ദേഹം എടുത്തു പറഞ്ഞു. ലഹരിമരുന്ന് കടത്ത്, കടൽക്കൊള്ള, മനുഷ്യക്കടത്ത് തുടങ്ങിയ കുറ്റകൃത്യങ്ങൾക്കെതിരെയും ഇരുരാജ്യങ്ങളും സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സമുദ്ര സുരക്ഷ, ഭീകരവിരുദ്ധ പ്രവർത്തനം, സൈബർ സുരക്ഷ, സംഘടിത



കുറ്റകൃത്യങ്ങൾ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന കൊളംബോ സെക്യൂരിറ്റി കോൺക്ലേവിലെ സഹകരണത്തിനും കൂടുതൽ പ്രാധാന്യം നൽകണമെന്ന് അദ്ദേഹം പറഞ്ഞു.

ഇന്ത്യയും ശ്രീലങ്കയും ചേർന്ന് സ്ഥാപിച്ച സമുദ്ര രക്ഷാപ്രവർത്തന ഏകോപന കേന്ദ്രം ഇന്ത്യൻ മഹാസമുദ്ര മേഖല സുരക്ഷിതമായി നിലനിർത്തുന്നതിനുള്ള ഇരുരാജ്യങ്ങളുടെയും പൊതു പ്രതിബദ്ധതയുടെ മികച്ച ഉദാഹരണമാണെന്നും രാജ്നാഥ് സിംഗ് പറഞ്ഞു. ശേഷി വികസനം, സംയുക്ത സൈനികാഭ്യാസങ്ങൾ തുടങ്ങിയ മേഖലകളിൽ ശ്രീലങ്കയുമായി കൈകോർക്കാൻ ഇന്ത്യ സദാ സന്നദ്ധമാണെന്നും പരസ്പര അനുഭവങ്ങളിൽ നിന്ന് പഠിക്കുന്നതിനും സംയുക്ത സംരംഭങ്ങളുടെ ഫലപ്രദമായ നടത്തിപ്പിനായി പ്രോട്ടോക്കോളുകൾ കൂടുതൽ കൃത്യമാക്കുന്നതിനും ഇത് സഹായിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിനും സംശയകരമായ യാനങ്ങളെ നിരീക്ഷിക്കുന്നതിനും ലഹരിമരുന്ന് കടത്ത്, കള്ളക്കടത്ത്, ഭീകരവാദം, മറ്റ് സുരക്ഷാ ഭീഷണികൾ എന്നിവ നേരിടുന്നതിനുമായി ഇരുരാജ്യങ്ങളിലെയും ബന്ധപ്പെട്ട ഏജൻസികൾ, നാവികസേനകൾ, തീരരക്ഷാസേനകൾ എന്നിവയ്ക്കിടയിൽ കൂടുതൽ ചിട്ടയായ ഏകോപനം ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന വെല്ലുവിളികൾ ഇരുരാജ്യങ്ങളും ചേർന്ന് പരിഹരിക്കേണ്ടതുണ്ടെന്നും പ്രതിരോധ മന്ത്രി അഭിപ്രായപ്പെട്ടു. സമുദ്ര സഹകരണം സുരക്ഷാ ചട്ടക്കൂടുകൾക്കപ്പുറത്തേക്ക് വ്യാപിപ്പിച്ച് മത്സ്യകൃഷി, മറൈൻ ബയോടെക്നോളജി, സമുദ്ര ശാസ്ത്രം, സമുദ്ര പരിസ്ഥിതി സംരക്ഷണം, സമുദ്ര വിനോദസഞ്ചാരം തുടങ്ങിയ മേഖലകളിലേക്കും വികസിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു. പ്രകൃതിദുരന്തങ്ങളും മനുഷ്യനിർമിത ദുരന്തങ്ങളും ഉണ്ടാകുമ്പോൾ വേഗത്തിലും ഏകോപിതമായും പ്രതികരിക്കുന്നതിനായി ബന്ധപ്പെട്ട ഏജൻസികളെ ഉൾപ്പെടുത്തി സംയുക്ത സമുദ്ര മാനുഷിക സഹായദുരന്ത നിവാരണ സംവിധാനം രൂപീകരിക്കുന്നതിനുള്ള സാധ്യതകളും ഇരുരാജ്യങ്ങളും പരിശോധിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ മഹാസമുദ്ര മേഖല ആഴത്തിലുള്ള തന്ത്രപ്രധാനവും സാമ്പത്തികവുമായ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന സാഹചര്യത്തിൽ ഇന്ത്യയും ശ്രീലങ്കയും തങ്ങളുടെ ശ്രമങ്ങൾ ഏകോപിപ്പിക്കുകയും കൂട്ടായ ശേഷികൾ പ്രയോജനപ്പെടുത്തുകയും ഉയർന്നുവരുന്ന വെല്ലുവിളികളെ ഒരുമിച്ച് നേരിടുകയും വേണമെന്ന് രാജ്നാഥ് സിംഗ് ആഹ്വാനം ചെയ്തു. നിലവിലെ മാറ്റങ്ങളും വേഗത്തിലുള്ള പരിവർത്തനങ്ങളും വെല്ലുവിളികൾക്കൊപ്പം നിരവധി അവസരങ്ങളും സൃഷ്ടിക്കുന്നുണ്ടെന്നും അവയെ കൂട്ടായ വളർച്ചയാക്കി മാറ്റാൻ ഇരുരാജ്യങ്ങളും തങ്ങളുടെ ദീർഘകാല സമുദ്ര പങ്കാളിത്തം പരമാവധി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. ഭൂമിശാസ്ത്രപരമായ സാമീപ്യം പരസ്പരാശ്രയത്വത്തിന് വഴിയൊരുക്കുകയും കൂട്ടായ മുന്നേറ്റത്തിന് വിപുലമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന യാഥാർഥ്യത്തിലാണ് ഇന്ത്യ–ശ്രീലങ്ക ബന്ധത്തിന്റെ ഭാവി നിലകൊള്ളുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇന്ത്യയെ യഥാർഥ 'വിശ്വമിത്ര' അഥവാ വിശ്വസ്ത ആഗോള സുഹൃത്തെന്ന് വിശേഷിപ്പിച്ച രാജ്നാഥ് സിംഗ്, മേഖലയിൽ ക്രിയാത്മകവും വിശ്വസനീയവുമായ പങ്ക് വഹിക്കുന്നതിലുള്ള ഇന്ത്യയുടെ പ്രതിബദ്ധത ആവർത്തിച്ചു. സമഗ്രമായ സമുദ്ര സുരക്ഷയും പരസ്പര സമൃദ്ധിയും ഒരേ നാണയത്തിന്റെ ഇരുവശങ്ങളാണെന്നും അടുത്ത സമുദ്ര പങ്കാളികളെന്ന നിലയിൽ ഇന്ത്യൻ മഹാസമുദ്ര മേഖലയിലുടനീളം സമാധാനം, സുരക്ഷ, സ്ഥിരത എന്നിവ ഉറപ്പാക്കാൻ ഇന്ത്യയ്ക്കും ശ്രീലങ്കയ്ക്കും ഒരുമിച്ച് പ്രവർത്തിക്കാനാകുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ സന്തോഷ് ഝാ ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ പങ്കെടുത്തു. ശ്രീലങ്കൻ പ്രതിരോധ മന്ത്രാലയത്തിലെത്തിയ രാജ്നാഥ് സിംഗിന് ഗാർഡ് ഓഫ് ഓണർ നൽകി ആദരിച്ചു. തുടർന്ന് ബട്ടരമുല്ലയിലെ ഇന്ത്യൻ പീസ് കീപ്പിങ് ഫോഴ്സ് (IPKF) സ്മാരകത്തിൽ പുഷ്പചക്രം അർപ്പിച്ച അദ്ദേഹം കർത്തവ്യനിർവഹണത്തിനിടെ ജീവത്യാഗം ചെയ്ത ധീര ജവാന്മാർക്ക് ആദരാഞ്ജലി അർപ്പിച്ചു.




## ആഗോള കാർഷിക വികസനത്തിനായി കൈകോർത്ത് ഇന്ത്യയും ആസിയാൻ; 9ാമത് മന്ത്രിതല യോഗം ന്യൂഡൽഹിയിൽ സമാപിച്ചു

**ന്യൂഡൽഹി:** കാലാവസ്ഥാ വ്യതിയാനങ്ങളെ പ്രതിരോധിക്കുന്ന സുസ്ഥിര കാർഷിക വികസനവും ആഗോള ഭക്ഷ്യസുരക്ഷയും ലക്ഷ്യമിട്ട് ഇന്ത്യയും ആസിയാൻ (ASEAN) രാജ്യങ്ങളും ചേർന്നുള്ള 9ാമത് കാർഷികവനസംരക്ഷ മന്ത്രിതല യോഗവും 10ാമത് വർക്കിംഗ് ഗ്രൂപ്പ് യോഗവും ന്യൂഡൽഹിയിൽ സമാപിച്ചു. കേന്ദ്ര കാർഷികകർഷക ക്ഷേമ മന്ത്രി ശിവരാജ് സിംഗ് ചൗഹാനും ഫിലിപ്പീൻസ് കാർഷിക സെക്രട്ടറി ഫ്രാൻസിസ്കോ പി. തിയു ലോറലും സംയുക്തമായി അധ്യക്ഷത വഹിച്ച യോഗത്തിൽ, 2026-2030 കാലയളവിലേക്കുള്ള സമഗ്ര പങ്കാളിത്ത മാർഗ്ഗരേഖയ്ക്ക് രൂപം നൽകി. കൃത്രിമബുദ്ധി (AI) അധിഷ്ഠിത ഡിജിറ്റൽ കാർഷിക സാങ്കേതികവിദ്യകൾ, കുറഞ്ഞ കാർബൺ ഉദ്വമനമുള്ള നെൽകൃഷി രീതികൾ, ജല മാനേജ്മെന്റ്, മണ്ണ് പരിശോധന എന്നിവയിൽ ഇരുപക്ഷവും സഹകരണം ശക്തമാക്കും. പങ്കാളിത്തത്തിന്റെ പ്രതീകമായി 'ഇന്ത്യ ആസിയാൻ ഫ്രണ്ട്ഷിപ്പ് സ്പൈക്ക' ചടങ്ങിൽ അനാച്ഛാദനം ചെയ്തു. 11 ആസിയാൻ രാജ്യങ്ങളിൽ നിന്നുള്ള 45 പ്രതിനിധികൾ ഐ.സി.എ.ആർ (ICAR) സമുച്ചയം സന്ദർശിക്കുകയും ഭാരതീയ കർഷകർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന 'കിസാൻ സാരഥി' പ്ലാറ്റ്ഫോം, മൃഗരോഗ പ്രതിരോധ വാക്സിനുകൾ, അക്വാകൾച്ചർ സാങ്കേതികവിദ്യകൾ എന്നിവ നേരിട്ട് കണ്ടറിയുകയും ചെയ്തു. മേഖലയിലെ അടുത്ത മന്ത്രിതല ഉച്ചകോടി 2028ൽ നടക്കും.

## കരിഞ്ചന്ത തടയാൻ ശക്തമായ നടപടിയുമായി കേന്ദ്ര സർക്കാർ




**കൊച്ചി :** അവശ്യവസ്തുക്കളുടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയാൻ കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ വകുപ്പ് ശക്തമായ നടപടി തുടങ്ങി. ആദ്യ പടി പഞ്ചസാരയുടെ സ്ഥിതിവിവര കണക്കാണ് സർക്കാർ ശേഖരിക്കുന്നത്. ആഴ്ച്ച തോറും കേന്ദ്രസർക്കാരിന്റെ സ്റ്റോക്ക് മാനേജ്മെന്റ് പോർട്ടലിൽ പഞ്ചസാര വ്യാപാരികൾ തങ്ങളുടെ കൈവശമുള്ള പഞ്ചസാരയുടെ അളവ് രേഖപ്പെടുത്തണം. സെപ്റ്റംബർ 15 മുതൽ രജിസ്റ്റർ ചെയ്യാത്തവർക്ക് പഞ്ചസാര വിൽക്കാൻ അനുമതി ലഭിക്കില്ല. എല്ലാ വെള്ളിയാഴ്ച്ചകളിലുമാണ് സ്റ്റോക്ക് വിവരം അറിയിക്കേണ്ടത്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കുട്ടനാട്ടിൽ ഉത്പാദിപ്പിക്കുന്ന നെല്ലിന് പ്രത്യേക താങ്ങുവില വേണമെന്ന് കർഷകർ

**ചമ്പക്കുളം:** കേരളത്തിലെ മറ്റ് പ്രദേശങ്ങളിൽനിന്ന് വ്യത്യസ്തമായ സാഹചര്യത്തിൽ നെൽകൃഷി നടത്തുന്ന കുട്ടനാട്ടിൽ ഉത്പാദിപ്പിക്കുന്ന നെല്ലിന് പ്രത്യേക താങ്ങുവില അനുവദിക്കണമെന്ന ആവശ്യം ശക്തമാകുന്നു. കുട്ടനാട്ടിൽ നെൽകൃഷി പിന്നോട്ട് പോകുന്ന സാഹചര്യത്തിൽ കർഷകരെ നെൽകൃഷിയിൽ നിലനിർത്താൻ ഇത് അത്യാവശ്യമെന്നാണ് കർഷകർ പറയുന്നത്. കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ കർഷകർക്ക് അനുകൂലമായ റിപ്പോർട്ട് നൽകി സർക്കാരിൽനിന്ന് അനുകൂലമായ തീരുമാനം ഉണ്ടാക്കണമെന്നും അവർ ആവശ്യപ്പെടുന്നു.

മറ്റ് പ്രദേശങ്ങളിൽനിന്നു വ്യത്യസ്തമായി 60 മുതൽ 80 ശതമാനം വരെ കൃഷി ചെലവുകൾ കൂടുതലായ കുട്ടനാട്ടിൽ ഉത്പാദിപ്പിക്കുന്ന നെല്ലും മറ്റ് പ്രദേശങ്ങളിൽ ഉത്പാദിപ്പിക്കുന്ന നെല്ലും ഒരുപോലെയാണ് പരിഗണിക്കപ്പെടുന്നത്. ഐക്യരാഷ്ട്രസഭ ആഗോള കാർഷിക പൈതൃക പദവി നല്കിയിരിക്കുന്ന, സമുദ്രനിരപ്പിന് താഴെ നെൽകൃഷി ചെയ്യുന്ന കുട്ടനാടിന് വേണ്ട പ്രത്യേക പരിഗണന ഇപ്പോഴും നല്കുന്നില്ല. 50,000 ഹെക്ടർ നിലത്തിൽനിന്ന് പ്രതിവർഷം നിലവിലെ വില അനുസരിച്ച് 500 കോടി രൂപയുടെ നെല്ലാണ് കുട്ടനാട് കേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കായി ഉത്പാദിപ്പിക്കുന്നത്.

കേരളത്തിലെ നെല്ല് ഉത്പാദനത്തിന്റെ 60 ശതമാനത്തിലധികവും രണ്ട് പ്രദേശങ്ങളിൽ നിന്നാണ്. കുട്ടനാട്ടിൽ ഉത്പാദിപ്പിക്കപ്പെടുന്നതിന്റെ ഏകദേശം ഇരട്ടിയോളം നെല്ല് പാലക്കാട്ട് ഉത്പാദിപ്പിക്കുന്നുണ്ട്. കൃഷിഭൂമിയുടെ വിസ്തൃതിയിലും പാലക്കാട് മുന്നിട്ട് നിൽക്കുന്നു.

വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നിങ്ങനെ പാലക്കാട്ട് വർഷത്തിൽ മൂന്ന് കൃഷി ചെയ്യുമ്പോൾ കുട്ടനാട്ടിൽ പുഞ്ച, രണ്ടാം കൃഷി എന്ന തരത്തിൽ രണ്ട് കൃഷിയാണ് നടത്തുന്നത്. ഉത്പാദനക്ഷമതയിൽ ദേശീയ ശരാശരിയായ ഹെക്ടറിന് 2,659 കിലോ എന്നതിൽനിന്ന് കുട്ടനാട്ടിലേത് 2,920 ആയി ഉയർന്നു നിൽക്കുന്നു. ഇതിലും കൂടേണ്ടിയിരുന്ന കുട്ടനാട്ടിലെ ഉത്പാദനക്ഷമത ഇങ്ങനെയാകാൻ കാരണം കർഷകരുടെ കുറവും കൃഷിനാശത്തിന്റെ വ്യാപ്തിയുമാണ്. എന്നിരുന്നാലും ദേശീയ ശരാശരിയേക്കാൾ വലിയ ഉയരത്തിലാണ് കുട്ടനാടിൻറെ ഉത്പാദനക്ഷമത എന്നത് പ്രത്യേകം പരിഗണിക്കേണ്ടയൊരു വസ്തുതയാണ്.



കുട്ടനാട്ടിൽ കൃഷിച്ചെലവുകൾ കൂടാൻ കാരണങ്ങൾ നിരവധിയാണ്. പാലക്കാട് പോലെയുള്ള സ്ഥലങ്ങളിലെയും കുട്ടനാട്ടിലെയും കൃഷിരീതികൾ തികച്ചും വ്യത്യസ്തമാണ്. മറ്റു സ്ഥലങ്ങളിൽ നെൽവയലുകളിലേക്ക് വെള്ളം പമ്പ് ചെയ്ത് കൃഷി നടത്തുമ്പോൾ കുട്ടനാട്ടിൽ കൃഷിയിടത്തിലെ വെള്ളം വറ്റിച്ച് കൃഷി ഇറക്കുന്നു. മറ്റുള്ളവർ ഞാറ് കിളിർപ്പിച്ച് നടുമ്പോൾ കുട്ടനാട്ടിൽ ചേറ്റിൽ വിതച്ച് ഞാറ് കിളിർപ്പിക്കുന്നു. നടീൽ രീതി കുട്ടനാട്ടിൽ അപൂർവമായി മാത്രമേ നിലവിലുള്ളൂ. സമുദ്ര നിരപ്പിൽനിന്ന് ഒന്പത് അടിയോളം താഴ്ചയിൽ വെള്ളക്കെട്ടുള്ള ചേറ് നിറഞ്ഞ നിലത്തിലാണ് കുട്ടനാട്ടിൽ കൃഷി നടത്തുന്നത്. ഇത് കുട്ടനാടൻ പാടശേഖരങ്ങളിലെ യന്ത്രവത്കരണത്തെ പിന്നോട്ടടിക്കുന്നു. കുട്ടനാട്ടിൽ പാടശേഖരത്തിലെ വെള്ളം വറ്റിച്ച് നിലം കൃഷിയോഗ്യമാക്കുന്നതിനായി മറ്റ് പ്രദേശങ്ങളിലേതിനേക്കാൾ 15 മുതൽ 20 ശതമാനം വരെ കൂടുതൽ ചെലവ് വരുന്നു. പാടശേഖരങ്ങളിൽ ജലാംശം കൂടുതലായതിനാൽ കളകൾ വളരാനുള്ള സാധ്യതയും ഇവിടെ മറ്റ് പ്രദേശങ്ങളേക്കാൾ കൂടുതലാണ്. വിളവെടുപ്പിന്റെ സമയത്ത് യഥാസമയം യന്ത്രങ്ങൾ ഇറക്കി കൊയ്യുന്നതിനും ഇത് തടസം സൃഷ്ടിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽനിന്നു വ്യത്യസ്തമായി കുട്ടനാട്ടിലെ കൃഷിയിടങ്ങളിൽ യന്ത്രക്കൊയ്ത്ത് നടത്താൻ 40 മുതൽ 50 ശതമാനം വരെ കൂടുതൽ സമയമെടുക്കാറുണ്ട്. ഇത് കൃഷിച്ചെലവ് വീണ്ടും വർധിപ്പിക്കും. കുട്ടനാട്ടിൽ കൊയ്തെടുക്കുന്ന നെല്ല് അപ്പപ്പോൾതന്നെ പാടശേഖരങ്ങളിൽനിന്നെടുത്ത് മാറ്റി സംഭരിക്കപ്പെട്ടില്ലെങ്കിൽ അവ നശിച്ചുപോകുന്ന സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ, മറ്റിടങ്ങളിൽ നെല്ല് കൊയ്ത് കൃഷിയിടത്തിൽതന്നെ ആഴ്ചകളോളം സൂക്ഷിക്കാനുള്ള സാഹചര്യം നിലവിലുണ്ട്. കൂടാതെ, കുട്ടനാട്ടിലെ ഭൗതിക സാഹചര്യത്തിൽ നെല്ലിന് ഈർപ്പം കൂടുതലാകുന്നത് അരിയുടെ രുചി വർധിപ്പിക്കുമെങ്കിലും സംഭരണ സമയത്ത് ഇത് കർഷകർക്ക് തിരിച്ചടിയാകുന്നുണ്ട്. കുട്ടനാട്ടിൽ കൂലിച്ചെലവും കൂടുതൽ മനുഷ്യാധ്വാനവും നെൽകൃഷിക്ക് ആവശ്യമായി വരുന്നു.



# ഇഞ്ചത്തൊട്ടിയെ മികച്ച ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കും: എംഎൽഎ

**കോതമംഗലം:** ഇഞ്ചത്തൊട്ടിയെ മികച്ച ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി മാറ്റുമെന്ന് ഷിബു തെക്കുംപുറം എംഎൽഎ. കീരംപാറ പഞ്ചായത്തിലെ ഇഞ്ചത്തൊട്ടി തൂക്കുപാലം സന്ദർശിക്കാനെത്തിയതായിരുന്നു എംഎൽഎ. നവംബറിൽ ഇഞ്ചത്തൊട്ടിയിൽ കയാക്കിംഗ് ആരംഭിക്കുന്നതിനും സഞ്ചാരികൾക്കായി മനോഹരമായ പാർക്ക് ഒരുക്കുന്നതിനും പുതിയ പാലം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നതെന്നും എംഎൽഎ പറഞ്ഞു. തൂക്കുപാലവും പെരിയാറിന്റെ മനോഹാരിതയും ഉൾപ്പെടെ ഇഞ്ചത്തൊട്ടിയുടെ പ്രകൃതിസൗന്ദര്യം വിനോദസഞ്ചാര മേഖലയ്ക്കായി മികച്ച രീതിയിൽ ഉപയോഗപ്പെടുത്താനാകുമെന്നും പറഞ്ഞു.

കയാക്കിംഗ് ആരംഭിക്കുന്നതോടെ ഇഞ്ചത്തൊട്ടിയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാകുമെന്നും സാഹസിക വിനോദസഞ്ചാര രംഗത്ത് പ്രദേശത്തിന് പുതിയ സാധ്യതകൾ തുറക്കുമെന്നും വ്യക്തമാക്കി. ഇഞ്ചത്തൊട്ടിയുടെ വികസനത്തിന് തദ്ദേശസ്ഥാപനങ്ങളുടെയും ടൂറിസം വകുപ്പിന്റെയും സഹകരണത്തോടെ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കും.

സഞ്ചാരികൾക്കൊപ്പം പ്രദേശവാസികൾക്കും പ്രയോജനപ്പെടുന്ന തരത്തിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് പ്രാധാന്യം നൽകുന്നത്. പുതിയ പാലത്തിനായുള്ള തുടർനടപടികളും സ്വീകരിക്കും.

ഇഞ്ചത്തൊട്ടിയുടെ ടൂറിസം സാധ്യതകൾ നേരിട്ട് വിലയിരുത്തുന്നതിനായി നടത്തിയ സന്ദർശനത്തിൽ ഡിടിപിസി സെക്രട്ടറി ലിജോ ജോസ്, കീരംപാറ പഞ്ചായത്ത് പ്രസിഡൻറ് റീന ജോഷി, വൈസ് പ്രസിഡൻറ് ബിനോയ് സി. പുല്ലൻ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ എംഎൽഎയ്ക്കൊപ്പമുണ്ടായിരുന്നു.



# കായിക മേളകൾ പോലീസ് സേനയെ ഊർജ്ജസ്വലമാക്കും: മന്ത്രി രമേശ് ചെന്നിത്തല




**തിരുവനന്തപുരം:** പോലീസ് സേനയുടെ കരുത്തും കാര്യക്ഷമതയും ഊർജ്ജസ്വലതയും വർദ്ധിപ്പിക്കുന്നതിൽ പോലീസ് കായിക മേളകൾക്ക് സുപ്രധാന പങ്കുണ്ടെന്ന് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ദേശീയ അന്തർദേശീയ കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കേരള പോലീസിലെ കായിക താരങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. 47ാമത് കേരള പോലീസ് സ്റ്റേറ്റ് അത്‌ലറ്റിക് & ഗെയിംസ് മീറ്റ് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദേശീയ പോലീസ് മീറ്റിൽ കേരളത്തെ പ്രതിനിധീകരിക്കുന്ന മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിനുള്ള വേദിയാണ് സംസ്ഥാന പോലീസ് അത്‌ലറ്റിക് ആൻഡ് ഗെയിംസ് മീറ്റ്. പോലീസ് സേനയുടെ ശാരീരികവും മാനസികവുമായ കാര്യക്ഷമതയാണ് സംസ്ഥാന സുരക്ഷയുടെയും സമാധാനത്തിന്റെയും അടിത്തറ. അതിനാൽ കായിക മത്സരങ്ങൾ ജീവിതശൈലിയുടെ ഭാഗമാക്കണമെന്ന് പോലീസ് കായികതാരങ്ങളോട് അദ്ദേഹം ആഹ്വാനം ചെയ്തു.

ലഹരിക്കെതിരെ കൊടുങ്കാറ്റായി മാറിയ ഓപ്പറേഷൻ തൂഫാന്റെ പശ്ചാത്തലത്തിൽ 'യെസ് ടു സ്പോർട്സ്, നോ ടു ഡ്രഗ്സ്' എന്ന സന്ദേശമുൾക്കൊണ്ടാണ് ഇത്തവണത്തെ സംസ്ഥാന പോലീസ് കായിക മേള സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. കായികമേളയുടെ ഭാഗമായി കാസർഗോഡ് നിന്ന് ആരംഭിച്ച് തിരുവനന്തപുരത്ത് എത്തിച്ചേർന്ന ദീപശിഖ ആഭ്യന്തരമന്ത്രി ഏറ്റുവാങ്ങി. ഇതിന് ശേഷം നടന്ന 41 യൂണിറ്റുകളുടെ മാർച്ച് പാസ്റ്റോടെയാണ് 47ാമത് പോലീസ് കായികമേളയ്ക്ക് തുടക്കമായത്. മാർച്ച് പാസ്റ്റിന് മന്ത്രി സല്യൂട്ട് സ്വീകരിച്ചു. ചടങ്ങിന് സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ സ്വാഗതമാശംസിച്ചു.

ഉദ്ഘാടന ചടങ്ങിൽ ഡിജിപിയും വിജിലൻസ് ഡയറക്ടറുമായ മനോജ് എബ്രഹാം, ആംഡ് പോലീസ് ബറ്റാലിയൻ എ.ഡി.ജി.പി ബൽറാം കുമാർ ഉപാധ്യായ, ഇൻറലിജൻസ് എ.ഡി.ജി.പി ദിനേന്ദ്ര കശ്യപ്, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ, സംഘാടക സമിതി സെക്രട്ടറിയും പോലീസ് ആസ്ഥാനത്തെ ഐ.ജിയുമായ ഹർഷിത അത്തലൂരി, സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം ഐ.ജി എസ്. അജിത ബീഗം മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ എന്നിവർ സംബന്ധിച്ചു.




# കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് ബെൽജിയം പ്രതിരോധ മന്ത്രിയുമായി ഉഭയകക്ഷി ചർച്ച നടത്തി

**ന്യൂഡൽഹി:** കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗും ബെൽജിയം പ്രതിരോധ വിദേശ വ്യാപാര മന്ത്രി തിയോ ഫ്രാൻകെനും തമ്മിലുള്ള ഉഭയകക്ഷി ചർച്ച 2026 സെപ്റ്റംബർ 3ന് ന്യൂഡൽഹിയിൽ വച്ച് നടന്നു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറും തമ്മിൽ ഡൽഹിയിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് അനുബന്ധമായാണ് ഇരു പ്രതിരോധ മന്ത്രിമാരും ചർച്ച നടത്തിയത്. സംയുക്ത ചർച്ചയിൽ പ്രതിരോധ, വ്യവസായ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിന്റെ നിലവിലെ പുരോഗതി ഇരു നേതാക്കളും വിലയിരുത്തി.

പുതിയ പ്രതിരോധ സഹകരണ ചർച്ചകൾ, ഉന്നതതല പ്രതിനിധി സംഘങ്ങളുടെ സന്ദർശനം, സൈനിക പരിശീലനങ്ങൾ, ശേഷി വർദ്ധിപ്പിക്കൽ പദ്ധതികൾ എന്നിവയിലൂടെ രാജ്യങ്ങൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കാൻ യോഗത്തിൽ ധാരണയായി. ഇൻഡോപസഫിക് മേഖലയിലെ സമുദ്ര സുരക്ഷാ സഹകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും പ്രാദേശിക സമാധാനത്തെക്കുറിച്ചും ചർച്ച ചെയ്ത ഇരു നേതാക്കളും, ഇന്ത്യയും ബെൽജിയവും തമ്മിലുള്ള പങ്കാളിത്തം പരസ്പര വിശ്വാസത്തിലും ബഹുമാനത്തിലുമാണ് അധിഷ്ഠിതമായിരിക്കുന്നതെന്ന് വ്യക്തമാക്കി.

# പത്താം വാർഷികത്തിൽ മുതിർന്ന പൗരന്മാർക്ക് പ്രത്യേക പദ്ധതി പ്രഖ്യാപിച്ച് ഹിന്ദ്‌ലാബ്സ്

**തിരുവനന്തപുരം:** പത്താം വാർഷികത്തോടനുബന്ധിച്ച് മുതിർന്ന പൗരന്മാർക്കുള്ള ലബോറട്ടറി പരിശോധനകൾക്ക് പ്രത്യേക ഇളവും അർഹരായ ഗുണഭോക്താക്കൾക്ക് സൗജന്യ ഇസിജി, പാപ് സ്മിയർ പരിശോധനകളും പ്രഖ്യാപിച്ച് തിരുവനന്തപുരത്തെ ഹിന്ദ്‌ലാബ്സ് ഡയഗ്നോസ്റ്റിക് സെന്റർ ആൻഡ് സ്പെഷ്യാലിറ്റി ക്ലിനിക്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ കീഴിലുള്ള സ്ഥാപനമാണ് ഹിന്ദ്‌ലാബ്സ്. തിരുവനന്തപുരം മെഡിക്കൽ കോളജ് ആശുപത്രിക്ക് എതിർവശത്തുള്ള ട്രിഡ സോപാനം ബിൽഡിങ്ങിൽ 2016 സെപ്റ്റംബർ 7 നാണ് ഹിന്ദ്‌ലാബ്സ് പ്രവർത്തനം ആരംഭിച്ചത്.

പദ്ധതിയുടെ ഭാഗമായി സെപ്റ്റംബർ 9 മുതൽ ഒക്ടോബർ 6 വരെ മുതിർന്ന പൗരന്മാർക്ക് ലബോറട്ടറി പരിശോധനാ നിരക്കുകളിൽ 20 ശതമാനം ഇളവ് ലഭിക്കും. ട്രിഡ ഹിന്ദ്‌ലാബ്സിലും അതിന്റെ സാമ്പിൾ ശേഖരണ കേന്ദ്രങ്ങളിലും നേരിട്ടെത്തുന്ന രോഗികൾക്ക് ഈ ഇളവ് ലഭിക്കും. ഹോം സാമ്പിൾ ശേഖരണ സേവനങ്ങൾ, മെഡിക്കൽ ഇമേജിംഗ് സേവനങ്ങൾ എന്നിവയ്ക്ക് ഇത് ബാധകമല്ല. പാപ് സ്മിയർ, ഇസിജി, മുതിർന്ന പൗരന്മാർക്കുള്ള പദ്ധതി എന്നിവ സംബന്ധിച്ച വിവരങ്ങൾക്ക് 9400060467 എന്ന നമ്പറിൽ ബന്ധപ്പെടുക.

# വയനാട്ടിൽ ഓണ സീസണിലും സഞ്ചാരികൾ കുറഞ്ഞു; പ്രതിസന്ധിയായി നിയന്ത്രണങ്ങൾ

**അമ്പലവയൽ:** ജില്ലയിലെ വിനോദ സഞ്ചാര മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാൻ തനതുപദ്ധതികൾ നടപ്പിലാക്കണമെന്ന് ആവശ്യം. വയനാട്ടിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഓണ സീസണിലും സഞ്ചാരികളുടെ വലിയ കുറവു തുടർന്നതു തിരിച്ചടിയായിരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വരുമാനം കുത്തനെ ഇടിഞ്ഞതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരെയും സഞ്ചാരികളുടെ കുറവ് കാര്യമായി ബാധിച്ചു.

ഈ സാഹചര്യത്തിലാണു പുതിയ പദ്ധതികൾ വേണമെന്ന ആവശ്യമുയരുന്നത്. മുൻകാലങ്ങളിൽ മഴക്കാലത്ത് സ്പ്ലാഷ് അടക്കമുള്ള പരിപാടികൾ ജില്ലയിൽ നടത്തി സഞ്ചാരികളെ ആകർഷിക്കാനുള്ള ശ്രമങ്ങളുണ്ടായിരുന്നു. ഇത്തവണ അതൊന്നുമുണ്ടായില്ല. മൺസൂൺ ടൂറിസവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ വലിയ പരിപാടികൾ വയനാട്ടിലേക്കെത്തിയില്ല. സാഹസിക ടൂറിസം, ഇക്കോ ടൂറിസം മേഖലകളിൽ കൂടുതൽ പദ്ധതികൾക്കു പ്രോത്സാഹനം നൽകണം. അടച്ചിട്ട ടൂറിസം കേന്ദ്രങ്ങൾ എത്രയും വേഗം തുറക്കണം.

കുറുവ ദ്വീപ്, എടക്കൽ ഗുഹ പോലുള്ള കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ എണ്ണത്തിലുണ്ടായ നിയന്ത്രണം പുനപരിശോധിക്കണമെന്ന ആവശ്യവും ടൂറിസം മേഖലയിൽനിന്ന് ഉയരുന്നു. വയനാടിന്റെ ഏതെങ്കിലും ഭാഗങ്ങളിലുണ്ടാകുന്ന മണ്ണിടിച്ചിൽ അടക്കമുള്ള പ്രശ്നങ്ങളിൽ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളെല്ലാം പൂർണമായും അടയ്ക്കാനു പലപ്പോഴും തീരുമാനിക്കുന്നത്. ഇതും വയനാടിന്റെ ടൂറിസം വികസനത്തെ ബാധിക്കുന്നു. മഴക്കാലത്തു സുരക്ഷിതമായ കേന്ദ്രങ്ങൾ അടച്ചിടുന്നതു പരമാവധി ഒഴിവാക്കിയാൽ വിനോദ സഞ്ചാരികളെത്തും പൂർണമായും വരുമാനവും ടൂറിസം മേഖലയും നിലയ്ക്കുന്ന സാഹചര്യവുമുണ്ടാകില്ലെന്നാണ് ഈ മേഖലയിലുള്ളവർ പറയുന്നത്.

തുരങ്കപ്പാതയിലെ മണ്ണിടിച്ചിലിനെ തുടർന്ന് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നിയന്ത്രണം, കനത്ത മഴയും റെഡ് അലർട്ട് പ്രഖ്യാപനവുമുള്ള ദിവസങ്ങളിൽ എല്ലാം കേന്ദ്രങ്ങളും അടച്ചിട്ടത്, ചുരത്തിലെ ഗതാഗത തടസ്സം തുടങ്ങിയ ഒട്ടേറെ കാരണങ്ങളാണ് വിനോദസഞ്ചാരികൾ ഏറെയെത്തുന്ന ഓണക്കാലത്ത് വിനോദ സഞ്ചാരികൾ കുറയാൻ കാരണം. കൂടുതൽ സഞ്ചാരികളെത്തുന്ന കാരാപ്പുഴ ഡാം, ബാണാസുരസാഗർ ഡാം എന്നിവിടങ്ങളിലെല്ലാം ഈ ഓണാക്കാലത്തും പിന്നീടുള്ള ദിവസങ്ങളിലും സഞ്ചാരികൾ വലിയ തോതിൽ കുറവായിരുന്നു. ഡിടിപിസിയുടെ കേന്ദ്രങ്ങളിൽ കൂടുതൽ സഞ്ചാരികളെത്തുന്ന പൂക്കോട് തടാകം, എടയ്ക്കൽ ഗുഹ എന്നിവിടങ്ങളിലും കാര്യമായ സഞ്ചാരികളെത്തിയില്ല. സഞ്ചാരികൾ കുറവോടെ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളോട് ചേർന്നുള്ള മൂന്നൂറിലേറെ വ്യാപാര സ്ഥാപനങ്ങളിൽ വരുമാനം കുറഞ്ഞു.

അവധി ദിവസങ്ങളിലും ഓണക്കാലത്തും മികച്ച കച്ചവടം നടക്കുന്ന സമയത്താണ് കാര്യമായ വരുമാനമില്ലാതെ ഇവർ ദുരിതത്തിലായത്. കാരാപ്പുഴ ഡാമിന് സമീപത്തെ പല വ്യാപാര സ്ഥാപനങ്ങളും വരുമാനം നിലച്ചതോടെ ദിവസങ്ങളോളം അടച്ചിടുകയും ചെയ്തു. ബാക്കിയുള്ള കേന്ദ്രങ്ങളോട് ചേർന്നുള്ള വ്യാപാര സ്ഥാപനങ്ങളും സമാനമായ അവസ്ഥയിലായിരുന്നു. വിനോദ സഞ്ചാര കേന്ദ്രങ്ങളോട് ചേർന്നും അല്ലാതെയുമുള്ള ടാക്സി വാഹനങ്ങൾക്കും വിനോദ സഞ്ചാരികളുടെ ഓട്ടം ഇത്തവണ വൻതോതിൽ കുറഞ്ഞു.

# നിമിഷ സജയന്റെ എന്ന വിലൈ

നിമിഷ സജയൻ, തമിഴ് നടൻ കരുണാസ് എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ദേശീയ പുരസ്കാര ജേതാവ് സജീവ് പാഴൂർ ഒരുക്കുന്ന തമിഴ് ചിത്രം എന്ന വിലൈ ട്രെയിലർ പുറത്ത്.

സെപ്റ്റംബർ 17ന് ആഗോള റിലീസായി എത്തുന്ന ചിത്രം കേരളത്തിലെ തിയേറ്ററുകളിൽ പ്രദർശനത്തിന് എത്തിക്കുന്നത് ദുൽഖർ സൽമാന്റെ വേഫെറർ ഫിലിംസ് ആണ്.

കലാമയ സിനിവേഴ്സ്, റോമിയോ പിക്ചേഴ്സ് എന്നീ ബാനറുകളിൽ മലയാളിയായ ജിതേഷ് വി., അനുഗോപാൽ വേണുഗോപാലൻ എന്നിവർ ചേർന്ന് നിർമിക്കുന്ന ചിത്രം രചിച്ചു സംവിധാനം ചെയ്യുന്നത്, തൊണ്ടിമുതലും ദൃക്സാക്ഷിയും എന്ന ചിത്രത്തിലൂടെ മികച്ച തിരക്കഥയ്ക്കുള്ള ദേശീയ അവാർഡും മികച്ച തിരക്കഥയ്ക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡും നേടിയ സജീവ് പാഴൂർ ആണ്.

രാമേശ്വരത്തിന്റെ പശ്ചാത്തലത്തിൽ വികസിക്കുന്ന കഥയാണ് എന്ന വിലൈ പറയുന്നത്. കുടുംബ ബന്ധങ്ങളിലൂടെയും വ്യക്തിജീവിതത്തിലെ നിർണായക സാഹചര്യങ്ങളിലൂടെയും മുന്നേറുന്ന കഥയിൽ സാമൂഹികവും രാഷ്ട്രീയവുമായ വിഷയങ്ങൾക്കും വലിയ പ്രാധാന്യമുണ്ടെന്നാണ് ട്രെയിലർ നൽകുന്ന സൂചന.

പ്രമുഖ മലയാളി സാങ്കേതിക പ്രവർത്തകർ തമിഴിൽ ഒരു ചിത്രത്തിനായി കൈകോർക്കുന്നു എന്നതും ചിത്രത്തിന്റെ ഹൈലൈറ്റുകളിൽ ഒന്നാണ്. തമിഴ്, മലയാളം, തെലുങ്ക്, കന്നഡ, ഹിന്ദി ഭാഷകളിൽ ചിത്രം പ്രദർശനത്തിനെത്തും.

ഛായാഗ്രഹണം: ആൽബി ആന്റണി, സംഗീതം: സാം സി.എസ്, എഡിറ്റർ: ശ്രീജിത്ത് സാരംഗ്, പ്രൊഡക്ഷൻ കൺട്രോളർ: എം ശിവകുമാർ, ആർട്ട് ഡയറക്ടർ: കെ. ശിവകൃഷ്ണ, ആക്ഷൻ: പിസി സ്റ്റണ്ട്സ്, കോ ഡയറക്ടർ: രതീഷ്, കോസ്റ്റ്യൂം ഡിസൈനർ: ആർ. മുരുഗാനന്ദം, മേക്കപ്പ്: വി. ദിനേഷ്കുമാർ, എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ: സൽമാൻ കെ.എം, സ്റ്റിൽസ്: കാർത്തിക് എ.കെ, പ്രൊഡക്ഷൻ മാനേജർമാർ: ആർ. രാജീവ് ഗാന്ധി, പി. കാർത്തി, പി.ആർ.ഒ: ശബരി.






## മണിരത്നത്തിന്റെ ഇഞ്ചിവെള്ളത്തിൽ നായികയായി സായ് പല്ലവി, ഒപ്പം വിജയ് സേതുപതിയും

വിജയ് സേതുപതി, സായ് പല്ലവി എന്നിവരെ പ്രധാന കഥാപാത്രമാക്കി മണിരത്നം സംവിധാനം ചെയ്യുന്ന പുതിയ സിനിമയാണ് ഇഞ്ചിവെള്ളം. എ. ആർ. റഹ്മാൻ സംഗീത സംവിധാനം നിർവഹിക്കുന്ന ചിത്രം ഒരു റൊമാൻറിക് എൻറർടെയ്നർ ആണെന്നാണ് സൂചന. കൊൽക്കത്തയാണ് പ്രധാന ലൊക്കേഷൻ.

ലൈക പ്രൊഡക്ഷൻസും മദ്രാസ് ടാക്കീസും ചേർന്നാണ് നിർമാണം. ആവിക് മുഖോപദയായ് ആണ് ഛായാഗ്രഹണം. എഡിറ്റിങ് ശ്രീകർ പ്രസാദ്.

2018ൽ പുറത്തിറങ്ങിയ ആക്ഷൻ ക്രൈം ത്രില്ലർ ചിത്രമായ 'ചെക്ക ചിവന്ത വാനം' എന്ന ചിത്രത്തിലാണ് സേതുപതിയും മണിരത്നവും അവസാനമായി ഒന്നിച്ചത്. ഇത് ആദ്യമായാണ് സായി പല്ലവി, മണിരത്നം ചിത്രത്തിൽ നായികയാകുന്നത്.

കമൽഹാസൻ നായകനായി അഭിനയിച്ച തഗ് ലൈഫ് (2025) ആയിരുന്നു മണിരത്നത്തിന്റെ അവസാന പ്രോജക്റ്റ്. സിനിമ തിയറ്ററുകളിൽ വൻ പരാജയമായിരുന്നു.



## ഈ ദാദ എല്ലാവരെയും വിറപ്പിക്കും

# നന്ദമൂരിയുടെ ദാദ

നന്ദമൂരി ബാലകൃഷ്ണയെ നായകനാക്കി ഗോപിചന്ദ് മലിനേനി ഒരുക്കുന്ന ചിത്രത്തിന്റെ ടൈറ്റിൽ ഗ്ലിംപ്സ് പുറത്ത്. ദാദ എന്ന് പേരിട്ടിരിക്കുന്ന ഈ വമ്പൻ ആക്ഷൻ ചിത്രം 2026 ഡിസംബർ 24 ന് ക്രിസ്മസ് റിലീസായി ആഗോള തലത്തിൽ തിയറ്ററുകളിലെത്തും. വൃദ്ധി സിനിമാസിന്റെ ബാനറിൽ വെങ്കട സതീഷ് കിലാരു ആണ് ചിത്രം നിർമിക്കുന്നത്. വീര സിംഹ റെഡ്ഡി എന്ന ബ്ലോക്ക്ബസ്റ്റർ ചിത്രത്തിന് ശേഷം നന്ദമൂരി ബാലകൃഷ്ണ ഗോപിചന്ദ് മലിനേനി ടീം ഒന്നിക്കുന്ന ചിത്രമാണിത്. കാജൽ അഗർവാൾ ആണ് ചിത്രത്തിലെ നായിക.

എസ്. തമൻ ഒരുക്കിയ പശ്ചാത്തല സംഗീതവും, ബാലകൃഷ്ണയുടെ തകർപ്പൻ പഞ്ച് ഡയലോഗും ഗ്ലിംപ്സ് വീഡിയോയുടെ ഹൈലൈറ്റ് ആണ്. മനോജ് മഞ്ചു ആണ് ചിത്രത്തിലെ മറ്റൊരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. രചന സംവിധാനം ഗോപിചന്ദ് മലിനേനി, നിർമാതാവ് വെങ്കട സതീഷ് കിലാരു, ബാനർ വൃദ്ധി സിനിമാസ്, സംഗീതം എസ്. തമൻ, ഛായാഗ്രഹണം അരവിന്ദ് എസ്. കശ്യപ്, എഡിറ്റർ നവീൻ നൂലി, പ്രൊഡക്ഷൻ ഡിസൈനർ എ.എസ്. പ്രകാശ്, സംഭാഷണം -സായ് മാധവ് ബുറാ, ആക്ഷൻ രാം ലക്ഷ്മൺ, രവി വർമ്മ, വെങ്കട്, മാർക്കറ്റിങ് വാൾസ് & ട്രെൻഡ്സ്, പിആർഒ ശബരി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ഇന്ത്യൻ കോസ്റ്റ് ഗാർഡ് കൊച്ചിക്ക് സമീപം പരിക്കേറ്റ നാവികനെ സാഹസികമായി രക്ഷപ്പെടുത്തി

**കൊച്ചി:** കടലിൽ ജീവൻ രക്ഷിക്കുന്നതിനുള്ള സന്നദ്ധതയും പ്രവർത്തനക്ഷമതയും ഒരിക്കൽ കൂടി തെളിയിച്ച്, കൊച്ചിയിൽ നിന്ന് ഏകദേശം 87 നോട്ടിക്കൽ മൈൽ അകലെ വച്ച് വ്യാപാരക്കപ്പലിൽ പരിക്കേറ്റ നാവികനെ ഇന്ത്യൻ കോസ്റ്റ് ഗാർഡ് വിജയകരമായി മെഡിക്കൽ എവാകേഷൻ നടത്തി കരയിലെത്തിച്ചു.

ഡെൻമാർക്ക് പതാകയേന്തിയ കോർണേലിയ മെയേഴ്സ്ക് എന്ന വ്യാപാരക്കപ്പലിൽ നിന്ന് ലഭിച്ച അടിയന്തര സഹായ അഭ്യർഥനയെ തുടർന്നാണ് കൊച്ചിയിലെ മാരിടൈം റെസ്ക്യൂ സബ് സെന്റർ മെഡിക്കൽ എവാകേഷൻ ദൗത്യം ഏകോപിപ്പിച്ചത്. കപ്പലിലുണ്ടായിരുന്ന ഫിലിപ്പീൻസ് സ്വദേശിയായ നാവികന് രണ്ടാം ഡിഗ്രി പൊള്ളലേറ്റിരുന്നു. അടിയന്തര ചികിത്സ ആവശ്യമായ സാഹചര്യത്തിലായിരുന്നു ഇയാൾ.

കൊച്ചി കോസ്റ്റ് ഗാർഡ് എയർ എൻക്ലേവിലെ 845 സ്ക്വാഡ്രണിന്റെ ALH MK-III ഹെലികോപ്റ്ററും ICGS അർണവേഷും ദൗത്യത്തിനായി നിയോഗിക്കപ്പെട്ടു. കടലിലെ വെല്ലുവിളി നിറഞ്ഞ സാഹചര്യങ്ങൾക്കിടയിലും ഹെലികോപ്റ്റർ സംഘം വിജയകരമായി കപ്പലിൽ നിന്ന് നാവികനെ വിൻച്ച് ചെയ്ത് പുറത്തെടുത്തു.

ദീർഘകാലത്തെ പ്രവർത്തനവിലക്കിന് ശേഷം ഹെലികോപ്റ്റർ ശ്രേണി വീണ്ടും പ്രവർത്തനസജ്ജമായതിന് പിന്നാലെയുള്ള പ്രധാന ദൗത്യങ്ങളിലൊന്നാണ് ഈ മെഡിവാക്. ദൗത്യത്തിന്റെ വിജയകരമായ പൂർത്തീകരണം ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പ്രവർത്തനസജ്ജതയും പ്രൊഫഷണൽ മികവും സമുദ്ര മേഖലയിലെ അടിയന്തര സാഹചര്യങ്ങളോട് അതിവേഗം പ്രതികരിക്കാനുള്ള ശേഷിയും വ്യക്തമാക്കുന്നതാണ്.

രക്ഷപ്പെടുത്തിയ നാവികനെ തുടർ ചികിത്സയ്ക്കായി പിന്നീട് കരയിലെത്തിച്ചു.

# പ്രൊഫ. ആഞ്ച് സിഹൂവിന് മഹാത്മാഗാന്ധി സർവകലാശാലയുടെ ചെയർ പ്രൊഫസർഷിപ്പ് ബഹുമതി

**കോട്ടയം:** ഫ്രാൻസിലെ പ്രശസ്ത എഞ്ചിനീയറിങ് പഠനഗവേഷണ സ്ഥാപനമായ ഐ.എം.ടി. മീൻസ് ആൽബിയിലെ കെമിക്കൽ എഞ്ചിനീയറിങ് പ്രൊഫസറായ ആഞ്ച് സിഹൂവിന് മഹാത്മാഗാന്ധി സർവകലാശാലയിൽ ചെയർ പ്രൊഫസർഷിപ് പദവി.

ക്യാമ്പസിലെ കൺവേർജൻസ് അക്കാദമിയ കോംപ്ലക്സിൽ നടന്ന പരിപാടിയിൽ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അദ്ദേഹത്തിന് 'നൊബേൽ ലൊറേറ്റ്സ് ജോൺ ബി. ഗുഡിനഫ്, എം. സ്റ്റാൻലി വിറ്റിങ്ഹാം, അകിര യോഷിനോ ചെയർ പ്രൊഫസർഷിപ്പ് 2026' പദവി നൽകി.

സസ്റ്റൈനബിലിറ്റി എഞ്ചിനീയറിങ് വിദഗ്ദ്ധനാണ് പ്രൊഫ. ആഞ്ച് സിഹൂ. പ്രിൻസ്റ്റൺ സർവകലാശാലയിലെ ഫുൾബ്രൈറ്റ് ഫെല്ലോയും നോൺറെസിഡന്റ് പ്രൊഫസറുമാണ് അദ്ദേഹം. ഗവേഷണമേഖലയിലെ പ്രശസ്തമായ ഇ.ആർ.സി അഡ്വാൻസ്ഡ് ഗ്രാന്റ് ജേതാവുമാണ്. നിലവിൽ മഹാത്മാഗാന്ധി സർവകലാശാലയിലെ എറുഡൈറ്റ് പ്രൊഫസറും 'സസ്റ്റെയ്നബിൾ മെറ്റീരിയൽസ് ഫോർ എനർജി' ചെയറുമാണ്.

ചടങ്ങിൽ സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസിന്റെ അസോസിയേറ്റ് ജോയിന്റ് ഡയറക്ടർ ഡോ. ഡിറ്റി ഡിക്സൺ സ്വാഗതം ആശംസിച്ചു. തുടർന്ന് പ്രൊഫ. സാബു തോമസ് ചെയർ പ്രൊഫസർഷിപ്പിനെക്കുറിച്ച് വിശദീകരിക്കുകയും പ്രശസ്തിപത്രം വായിക്കുകയും ചെയ്തു. ഡോ. പ്രമോദ് കെ. നന്ദി പ്രകാശിപ്പിച്ചു.

മറുപടി പ്രസംഗത്തിൽ പ്രൊഫ. ആഞ്ച് സിഹൂ ബയോചാറിനെക്കുറിച്ച് സംസാരിച്ചു. തുടർന്ന് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും അദ്ദേഹവുമായി സംവദിക്കാൻ അവസരമൊരുക്കിക്കൊണ്ട് ചോദ്യോത്തരവേളയും സംഘടിപ്പിച്ചു.



# ഗയ ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാദമിയിൽ നിന്ന് 253 പുതിയ ഓഫീസർമാർ ഇന്ത്യൻ കരസേനയിലേക്ക്

**ഗയ:** ഷോർട്ട് സർവീസ് കമ്മീഷൻ (ടെക്നിക്കൽ എൻട്രി) പുരുഷവനിത വിഭാഗങ്ങളുടെ നാലാമത് പാസിംഗ് ഔട്ട് പരേഡിൽ 253 ഓഫീസർ കേഡറ്റുകൾ ഇന്ത്യൻ കരസേനയിൽ കമ്മീഷൻഡ് ഓഫീസർമാരായി. ഗയയിലെ ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാദമിയിൽ നടന്ന ചടങ്ങിലാണ് കേഡറ്റുകൾ പരിശീലനം പൂർത്തിയാക്കി ഇന്ത്യൻ സേനയുടെ ഭാഗമായത്.

SSC (Tech) Men-65 വിഭാഗത്തിൽ 218 പേരും SSC Women-36 വിഭാഗത്തിൽ 35 പേരുമാണ് കമ്മീഷൻഡ് ഓഫീസർമാരായത്. വിയറ്റ്നാം പീപ്പിൾസ് ആർമിയുടെ ഡെപ്യൂട്ടി ചീഫ് ഓഫ് ജനറൽ സ്റ്റാഫ് ലെഫ്റ്റനന്റ് ജനറൽ ലെ വാൻ ഹുവോങ് പരേഡിന്റെ റിവ്യൂയിംഗ് ഓഫീസറായിരുന്നു.

പാസിംഗ് ഔട്ട് പരേഡിൽ അക്കാദമി അണ്ടർ ഓഫീസർ പി. ശശി കുമാർ പരേഡ് കമാൻഡറായി. പരിശീലനത്തിലെ മികച്ച പ്രകടനത്തിന് നിരവധി കേഡറ്റുകൾക്ക് മെഡലുകളും പുരസ്കാരങ്ങളും സമ്മാനിച്ചു.

മികച്ച ഓൾറൗണ്ടറായി തിരഞ്ഞെടുക്കപ്പെട്ട പി. ശശി കുമാർ അഭിമാനകരമായ സ്വോർഡ് ഓഫ് ഓണറും, ഓവറോൾ ഓർഡർ ഓഫ് മെറിറ്റിൽ ഒന്നാം സ്ഥാനത്തിനുള്ള ഗോൾഡ് മെഡലും നേടി. ഗോർഖ റൈഫിൾസിലാണ് അദ്ദേഹം കമ്മീഷൻ ചെയ്തത്. രണ്ടാം സ്ഥാനത്തെത്തിയ ബറ്റാലിയൻ അണ്ടർ ഓഫീസർ ദീപക് സിംഗ് റാവത്ത് സിൽവർ മെഡലും രാജ്പുത് റെജിമെന്റിൽ കമ്മീഷനും നേടി. മൂന്നാം സ്ഥാനക്കാരനായ അക്കാദമി കേഡറ്റ് അഡ്ജുടന്റ് നവനീത് സിംഗ് ബ്രോൺസ് മെഡൽ നേടി പാരാ സ്പെഷ്യൽ ഫോഴ്സിൽ കമ്മീഷൻ ചെയ്തു. കാലിധർ കമ്പനി മികച്ച കമ്പനിക്കുള്ള ചീഫ് ഓഫ് ആർമി സ്റ്റാഫ് ബാനർ സ്വന്തമാക്കി.

പുതിയ ഓഫീസർമാരെ അഭിസംബോധന ചെയ്ത റിവ്യൂയിംഗ് ഓഫീസർ, സാങ്കേതികവിദ്യയിലെ മാറ്റങ്ങൾക്കനുസരിച്ച് അറിവ് നിരന്തരം പുതുക്കാനും നവീന ആശയങ്ങൾ സ്വീകരിക്കാനും ആഹ്വാനം ചെയ്തു. മാറിവരുന്ന യുദ്ധസാഹചര്യങ്ങളിൽ പൊരുത്തപ്പെടാനുള്ള കഴിവും ലക്ഷ്യബോധത്തോടെയുള്ള നേതൃത്വവും അനിവാര്യമാണെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യൻ കരസേനയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനൊപ്പം പാരമ്പര്യവും ആധുനിക ചിന്താഗതിയുമൊത്തുചേർന്ന നേതൃത്വമാണ് ആവശ്യമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

പിപ്പിംഗ് ചടങ്ങിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ തോളിൽ നക്ഷത്രങ്ങൾ അണിയിച്ചു. അക്കാദമി അഡ്ജുടന്റ് ലെഫ്റ്റനന്റ് കേണൽ പ്രഖർ ധഗത് പുതിയ ഓഫീസർമാർക്ക് രാജ്യസേവന പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അഭിമാനവും ആവേശവും നിറഞ്ഞ അന്തരീക്ഷത്തിൽ പുതിയ ഓഫീസർമാർ സേനയിലെ തങ്ങളുടെ 'പെഹ്ലാ കദം' ആരംഭിച്ചു.




# അങ്കണവാടി കുട്ടികൾക്കുള്ള ബാല്യസ്പന്ദനം പരിപാടി കോഴിക്കോട് ജില്ലയിൽ തുടങ്ങി

**കോഴിക്കോട്:** അങ്കണവാടി കുട്ടികൾക്കുള്ള ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയായ ബാല്യസ്പന്ദനം പരിപാടിയുടെ ജില്ലാതല ഉദ്ഘാടനം കോഴിക്കോട് സിവിൽ സ്റ്റേഷൻ നവചേതന അങ്കണവാടിയിൽ ജില്ലാ കളക്ടർ എം.എസ്. മാധവിക്കുട്ടി നിർവഹിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ.ടി സരിതകുമാരി അധ്യക്ഷയായി. ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. സി.കെ അഫ്സൽ മുഖ്യപ്രഭാഷണം നടത്തി.

ജില്ലാ ആർസിഎച്ച് ഓഫിസർ ഡോ. നവ്യ ജെ തൈക്കാട്ടിൽ പദ്ധതി വിശദീകരിച്ചു. വാർഡ് കൗൺസിലർ കെ.സി.ശോഭിത, ഐസിഡിഎസ് ജില്ലാ പ്രോഗ്രാം ഓഫിസർ പി.പി. അനിത, ടെക്നിക്കൽ അസിസ്റ്റന്റ് സി. രാജൻ, ജില്ലാ എജ്യുക്കേഷൻ ആൻഡ് മീഡിയ ഓഫിസർ ഡോ. എൽ. ഭവില, സിഡിപിഒ തങ്കമണി, എംസിഎച്ച് ഓഫിസർ ഖൈറുന്നിസ, ഡിപിഎച്ച്എൻ ജമീല, സിവിൽ സ്റ്റേഷൻ യു പി സ്കൂൾ പ്രധാന അധ്യാപിക ഷോളി, ജില്ലാ ആർബിഎസ്കെ കോഓർഡിനേറ്റർ വി.എം. മഞ്ജു എന്നിവർ സംസാരിച്ചു. തുടർന്ന് അങ്കണവാടി കുട്ടികൾക്കായുള്ള സ്ക്രീനിങ് നടന്നു.


എല്ലാ അങ്കണവാടികളിലും മൂന്ന് മാസത്തിലൊരിക്കൽ മൂന്ന് മുതൽ ആറ് വയസ്സ് വരെയുള്ള കുട്ടികളുടെ ആരോഗ്യപരിശോധന നടത്തി കുഞ്ഞുങ്ങളുടെ വികാസവും വളർച്ചയും ഉറപ്പാക്കുക, തുടർപരിശോധനകളും ചികിത്സയും ഒരുക്കുക എന്നിവയാണ് ബാല്യസ്പന്ദനം പരിപാടിയിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യ വകുപ്പും വനിതശിശു വികസന വകുപ്പും സംയുക്തമായാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ഭാഗമായി ജില്ലയിലെ 1,108 അങ്കണവാടികളിലെ 9,026 കുട്ടികളെ പരിശോധിച്ചു

# ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡ് 2026 അഞ്ചാം പതിപ്പ് കൊച്ചിയിൽ; സമ്മാനത്തുക 2.5 കോടി രൂപ

**കൊച്ചി :** ആരോഗ്യമേഖലയിലെ പ്രശസ്തമായ ആസ്റ്റർ ഗാർഡിയൻസ് ഗ്ലോബൽ നഴ്സിംഗ് അവാർഡിന്റെ അഞ്ചാം പതിപ്പിന് 2026 സെപ്റ്റംബർ 12ന് കൊച്ചി ഗ്രാൻഡ് ഹയാത്ത് വേദിയാകും. ദുബായ്, ലണ്ടൻ, ബെംഗളൂരു എന്നീ നഗരങ്ങളിലെ വിജയകരമായ പതിപ്പുകൾക്ക് ശേഷം ആദ്യമായി കേരളത്തിലെത്തുന്ന ഈ ആഗോള പുരസ്കാരത്തിന് 214 രാജ്യങ്ങളിൽ നിന്നായി 1,34,000ത്തിലധികം നഴ്സുമാരാണ് അപേക്ഷിച്ചത്. മുഖ്യമന്ത്രി വി. ഡി. സതീശൻ, ആരോഗ്യവകുപ്പ് മന്ത്രി കെ. മുരളീധരൻ, മന്ത്രിമാരായ പി. കെ. കുഞ്ഞാലിക്കുട്ടി, റോജി എം. ജോൺ തുടങ്ങിയ പ്രമുഖർ പങ്കെടുക്കുന്ന ചടങ്ങിൽ, അവസാന ഘട്ടത്തിലെത്തിയ 10 ഫൈനലിസ്റ്റുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന വിജയിക്ക് 2,50,000 യു.എസ് ഡോളർ (ഏകദേശം 2.5 കോടി രൂപ) സമ്മാനമായി നൽകും. നഴ്സിംഗ് രംഗത്തെ അസാധാരണ സേവനങ്ങളെയും മാനുഷിക മൂല്യങ്ങളെയും ലോകത്തിന് മുന്നിൽ ആദരിക്കാനാണ് ഈ അവാർഡിലൂടെ ലക്ഷ്യമിടുന്നതെന്ന് ആസ്റ്റർ ഡി.എം കാളിറ്റി കെയർ ലിമിറ്റഡ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ ഡോ. ആസാദ് മൂപ്പനും, ആസ്റ്റർ ജി.സി.സി എം.ഡിയും സി.ഇ.ഒയുമായ അലീഷ മൂപ്പനും വ്യക്തമാക്കി. ആസ്റ്റർ ഡി.എം കാളിറ്റി കെയർ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും ഗ്രൂപ്പ് സി.ഇ.ഒയുമായ വരുൺ ഖന്ന, ആസ്റ്റർ ഡി.എം കാളിറ്റി കെയർ ലിമിറ്റഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ടി. ജെ. വിൽസൺ എന്നിവരും ചടങ്ങിൽ പങ്കെടുക്കും. ഏണസ്റ്റ് ആൻഡ് യംഗ് എൽ.എൽ.പി പ്രോസസ് അഡ്വൈസറായി പ്രവർത്തിച്ച സുതാര്യമായ തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെയാണ് ഫൈനലിസ്റ്റുകളെ കണ്ടെത്തിയത്.

---

# ഹൈബ് ഇന്ത്യ ഓഡിഷൻ – ഫൈനൽ കോളും പുതിയ പോപ്അപ്പ് പാർക്കുകളും




കൊച്ചി : ഹൈബ് ഇന്ത്യ തങ്ങളുടെ 'ഹൈബ് ഇന്ത്യ ഓഡിഷൻ: ഫൈനൽ കോളിന്റെ' ഭാഗമായി രാജ്യത്തെ നാല് പുതിയ നഗരങ്ങളിലേക്ക് പോപ്അപ്പ് പാർക്കുകൾ വിപുലീകരിക്കുന്നു. ആദ്യ റൗണ്ടിൽ ലഭിച്ച വൻ ജനപ്രീതിയെ തുടർന്ന് ചെന്നൈ, കൊൽക്കത്ത, കൊച്ചി, ചണ്ഡീഗഡ് എന്നീ നഗരങ്ങളിലാണ് പുതിയതായി പോപ്അപ്പ് പാർക്കുകൾ എത്തുന്നത്. ഇന്ത്യയിലെ വളർന്നുവരുന്ന കെപോപ്പ്, യുവജന സമൂഹങ്ങളുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്താനും പ്രതിഭാശാലികളായ യുവാക്കളിലേക്ക് ഓഡിഷൻ അനുഭവം നേരിട്ടെത്തിക്കാനുമാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. 2005നും 2011നും ഇടയിൽ ജനിച്ച വനിതകൾക്കായി തുറന്നിരിക്കുന്ന ഈ ഓഡിഷനിൽ വോക്കൽസ്, റാപ്, ഡാൻസ്, ആക്ടിംഗ്, മോഡലിംഗ് എന്നീ വിഭാഗങ്ങളിൽ അപേക്ഷിക്കാം.

പുതിയ പോപ്അപ്പ് പാർക്കുകളുടെ പ്രധാന ആകർഷണം വേദിയിൽ നേരിട്ട് നടക്കുന്ന 'ലൈവ് ഓൺസ്റ്റേജ് ഓഡിഷനുകൾ' ആയിരിക്കും. മുൻകൂട്ടി അപേക്ഷിക്കാതെ തന്നെ വേദിയിൽ എത്തി രജിസ്റ്റർ ചെയ്യുന്നവർക്ക് 'ഫസ്റ്റ്കം, ഫസ്റ്റ്സർവ്' അടിസ്ഥാനത്തിൽ ഹൈബ് ഇന്ത്യയുടെ ടീമിനും കാസ്റ്റിംഗ് പങ്കാളികൾക്കും മുന്നിൽ തങ്ങളുടെ കഴിവുകൾ പ്രകടിപ്പിക്കാൻ അവസരം ലഭിക്കും. എന്നാൽ ഇതിനായി പരിമിതമായ സ്ലോട്ടുകൾ മാത്രമേ ലഭ്യമായിരിക്കുകയുള്ളൂ. ഓഡിഷനുകൾക്ക് പുറമെ മ്യൂസിക്, ഫാൻഡം, ക്രിയേറ്റിവിറ്റി എന്നിവ ഉൾപ്പെടുന്ന വിവിധ ഇന്ററാക്ടീവ് പ്രവർത്തനങ്ങളും പാർക്കിൽ ഒരുക്കിയിട്ടുണ്ട്. ഇതിനുള്ള ടിക്കറ്റുകൾ 'ഡിസ്ട്രിക്ട്' വഴി ലഭ്യമാകും.

നേരത്തെ ആറ് നഗരങ്ങളിൽ നടപ്പിലാക്കിയ ആദ്യ പതിപ്പിന് പ്രേക്ഷകരിൽ നിന്ന് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് ഹൈബ് ഇന്ത്യ ബിസിനസ് ഡെവലപ്മെന്റ് ഹെഡ് സാർത്ഥക് അറോറ പറഞ്ഞു. ടിക്കറ്റുകൾ പുറത്തിറങ്ങി 24 മണിക്കൂറിനുള്ളിൽ വിറ്റുതീർന്നത് ഇന്ത്യയിലെ കെപോപ്പ് സമൂഹത്തിന്റെ ശക്തി വ്യക്തമാക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കിയ ഇന്ത്യ, നോംഗ്ഷിം, പ്രോജക്റ്റ് ബി എന്നിവരുമായി സഹകരിച്ച് അവതരിപ്പിക്കുന്ന ഈ പോപ്അപ്പ് പാർക്കുകളുടെ കൃത്യമായ തീയതികൾ, വേദികൾ, യോഗ്യത എന്നിവ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ഹൈബ് ഇന്ത്യയുടെ ഔദ്യോഗിക സോഷ്യൽ മീഡിയ ചാനലുകളിലും ഓഡിഷൻ വെബ്സൈറ്റിലും ലഭ്യമാകും.

---

# അന്നദാതാവ് ഇനി ഊർജദാതാവാകുന്നു

## അഗ്രിവോൾട്ടായിക്സിലൂടെ കർഷകർക്ക് പുതിയ വരുമാന മാർഗ്ഗം



**ന്യൂഡൽഹി :** രാജ്യത്തെ തീറ്റിപ്പോറ്റുന്ന കർഷകർക്ക് ഒരേ ഭൂമിയിൽ കൃഷിക്കൊപ്പം സൗരോർജവും ഉൽപ്പാദിപ്പിച്ച് സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്ന അഗ്രിവോൾട്ടായിക്സ് പദ്ധതികളിലേക്ക് ഭാരതം ചുവടുവെക്കുന്നതായി കേന്ദ്ര നവപുനരുപയോഗ ഊർജ മന്ത്രി പ്രൽഹാദ് ജോഷി പറഞ്ഞു. 2026 ഒക്ടോബർ 21 മുതൽ 23 വരെ ന്യൂഡൽഹി ഭാരത് മണ്ഡപത്തിൽ നടക്കുന്ന 7ാമത് അഗ്രിവോൾട്ടായിക്സ് വേൾഡ് കോൺഫറൻസിന്റെ കർട്ടൻ റെയ്സർ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പ്രധാനമന്ത്രി കുസുമിന്റെ അടുത്ത ഘട്ടത്തിൽ അഗ്രിവോൾട്ടായിക്സിനായി പ്രത്യേക ഘടകം ഉൾപ്പെടുത്തുമെന്നും, ഇത് ചെറുകിട കർഷകർക്കും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾക്കും വലിയ പിന്തുണ നൽകുമെന്നും മന്ത്രി അറിയിച്ചു.

നിലവിൽ 29 ലക്ഷത്തോളം കാർഷിക പമ്പുകൾ സൗരോർജവൽക്കരിച്ച പദ്ധതിയിലൂടെയും റൂഫ്ടോപ്പ് സോളാറിലൂടെയും ഇന്ത്യയുടെ വികേന്ദ്രീകൃത സൗരോർജ ഉൽപ്പാദനം 16.3 ജിഗാവാട്ടിലെത്തി നിൽക്കുകയാണ്. ഐ.സി.എ.ആർ, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രാദേശിക കാലാവസ്ഥയ്ക്കനുയോജ്യമായ സോളാർ കൃഷി മാതൃകകൾ വികസിപ്പിക്കാനും ഗ്രാമീണ മേഖലയിൽ 'സൂര്യ മിത്ര'പരിശീലനം ശക്തിപ്പെടുത്താനും തീരുമാനിച്ചതായി അദ്ദേഹം വ്യക്തമാക്കി.




# ബിഎസ്ഇ 500 മൊമെന്റം വാല്യൂ 50 ഇൻഡക്സ് ഫണ്ട് അവതരിപ്പിച്ചു

**കൊച്ചി:** യുഎൽഐപി പോളിസികളിലൂടെ ദീർഘകാല നേട്ടം ലക്ഷ്യമിട്ട് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് പുതിയ 'ബിഎസ്ഇ 500 മൊമെന്റം വാല്യൂ 50 ഇൻഡക്സ് ഫണ്ട്' അവതരിപ്പിച്ചു. ബിഎസ്ഇ 500 സൂചികയിൽ നിന്ന് ആകർഷകമായ മൂല്യനിർണ്ണയവും മികച്ച വിപണി മുന്നേറ്റവുമുള്ള 50 മുൻനിര കമ്പനികളെ കണ്ടെത്തിയാണ് ഇതിൽ നിക്ഷേപിക്കുന്നത്. വിപണിയിലെ മാറ്റങ്ങൾക്ക് അനുസൃതമായി ഓരോ പാദത്തിലും പോർട്ട്ഫോളിയോ പുനഃപരിശോധിക്കുന്ന ചിട്ടയായ നിക്ഷേപ രീതിയാണ് ഫണ്ട് പിന്തുടരുന്നത്. സ്മാർട്ട്കിഡ് അഷ്വർ, സിഗ്നേച്ചർ അഷ്വർ, സിഗ്നേച്ചർ ഓൺലൈൻ, സ്മാർട്ട് ഇൻഷുറൻസ് പ്ലാൻ പ്ലസ് തുടങ്ങിയ യുഎൽഐപി പ്ലാനുകളിലൂടെ ലൈഫ് കവറിനൊപ്പം ഉപഭോക്താക്കൾക്ക് ഈ ഫണ്ട് തിരഞ്ഞെടുക്കാം. 2026 ജൂൺ 30 വരെയുള്ള കണക്കനുസരിച്ച് പൂജ്യം എൻപിഎയോടെ 3.34 ലക്ഷം കോടി രൂപയുടെ ആസ്തി കൈകാര്യം ചെയ്യുന്ന കമ്പനി, 99.3 ശതമാനം ക്ലെയിം സെറ്റിൽമെന്റ് അനുപാതവും കൈവരിച്ചിട്ടുണ്ട്.

# പരിസ്ഥിതി സംരക്ഷണം : ടാറ്റ മോട്ടോഴ്സും പെട്രോണാസും കൈകോർക്കുന്നു



**കൊച്ചി :** ഉപയോഗിച്ച ഓട്ടോമോട്ടീവ് ലൂബ്രിക്കന്റുകളുടെ ശേഖരണവും പുനരുപയോഗവും ലക്ഷ്യമിട്ട് പെട്രോണാസ് ലൂബ്രിക്കന്റ്സ് ഇന്ത്യയും ടാറ്റ മോട്ടോഴ്സും ധാരണാപത്രത്തിൽ ഒപ്പുവച്ചു. മഹാരാഷ്ട്രയിലും തമിഴ്നാട്ടിലും പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതിയിലൂടെ ഉപയോഗിച്ച ലൂബ്രിക്കന്റുകൾ ശാസ്ത്രീയമായി ശേഖരിച്ച് അംഗീകൃത റീസൈക്ലർമാർക്ക് കൈമാറും.

ഉപയോഗിച്ച എണ്ണ ഉയർന്ന നിലവാരമുള്ള റീറിഫൈൻഡ് ബേസ് ഓയിലാക്കി മാറ്റുന്നതിലൂടെ വിഭവങ്ങളുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പാക്കാനും പരിസ്ഥിതി അപകടസാധ്യത കുറയ്ക്കാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇന്ത്യയുടെ എക്സ്റ്റൻഡഡ് പ്രൊഡ്യൂസർ റെസ്പോൺസിബിലിറ്റി ചട്ടക്കൂടിനും സർക്കുലർ ഇക്കോണമി ലക്ഷ്യങ്ങൾക്കും പദ്ധതി ഏറെ പ്രയോജനപ്രദമാകുമെന്ന് ഇരുകമ്പനിളും പ്രത്യാശ പ്രകടിപ്പിച്ചു.

# ഫെഫ്ക എഡിറ്റേഴ്സ് യൂണിയൻ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു



**കൊച്ചി:** ഫെഫ്ക എഡിറ്റേഴ്സ് യൂണിയന്റെ 2026-29 കാലയളവിലേക്കുള്ള പുതിയ ഭരണസമിതി അംഗങ്ങളെ തിരഞ്ഞെടുത്തു. എം.ജി.വിപിൻ പ്രസിഡന്റായും പ്രസീദ് നാരായണൻ ജനറൽ സെക്രട്ടറിയായും കപിൽ കൃഷ്ണ ട്രഷററായും ചുമതലയേറ്റു. എൽ. ഭൂമിനാഥൻ, പ്രവീൺ പ്രഭാകർ എന്നിവർ വൈസ് പ്രസിഡന്റുമാരായി തിരഞ്ഞെടുക്കപ്പെട്ടു. വി. എൻ.മാളവിക, നിഖിൽ വേണു എന്നിവരാണ് ജോയിന്റ് സെക്രട്ടറിമാർ. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായി പി.സി. മോഹനൻ, മനോജ് കണ്ണോത്ത്, എസ്.സൂരാജ്, ജോൺകുട്ടി, സന്ദീപ് നന്ദകുമാർ, ശ്യാം ശശിധരൻ എന്നിവരേയും തിരഞ്ഞെടുത്തു. എഡിറ്റർമാരുടെ സംഘടനയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും അംഗങ്ങളുടെ ക്ഷേമവും പ്രൊഫഷണൽ താൽപര്യങ്ങളും സംരക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് പുതിയ ഭരണസമിതി നേതൃത്വം നൽകുമെന്ന് പ്രസിഡന്റ് എം.ജി വിപിൻ പറഞ്ഞു.